ഫോൺ-ഓഫീസ് : 0471-2333487
ഫാക്സ് : 0471-2333460

**പ്രസിദ്ധീകരണത്തിന്**

തീയതി 12.10.2017

ഒക്ടോബർ 25 ന് മുമ്പ് എല്ലാ റോഡുകളുടെയും അറ്റകുറ്റപ്പണികൾ പൂർത്തിയാക്കാൻ എഞ്ചിനീയർമാർക്ക് കർശന നിർദ്ദേശം നൽകിയതായി മന്ത്രി ജി.സുധാകരൻ അറിയിച്ചു.

2017 ആഗസ്റ്റ് മാസം പൊതുമരാമത്ത് വകുപ്പ് റോഡുകളുടെയും ദേശീയപാതകളുടേയും അറ്റകുറ്റപ്പണികൾക്കായി 350 കോടി രൂപ സർക്കാർ അനുവദിച്ചിരുന്നു. കഴിഞ്ഞ വർഷം മുതലാണ് ഭരണ-പ്രതിപക്ഷ ഭേദമന്യേ നിയോജകമണ്ഡലാടിസ്ഥാനത്തിൽ തുക അനുവദിച്ച് തുടങ്ങിയത്. എന്നാൽ മഴ മാറിയിട്ടും അറ്റകുറ്റപ്പണികൾ ആരംഭിക്കാൻ പലയിടങ്ങളിലും കഴിഞ്ഞിട്ടില്ല. ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ സമയബന്ധിതമായി നൽകുന്നതിൽ പൊതുമരാമത്ത് വകുപ്പിലെ ഉയർന്ന ചില ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ചയുണ്ടായി. മാധ്യമങ്ങളും പൊതുജനങ്ങളും സർക്കാരിനെ വിമർശിക്കുന്ന സ്ഥിതിയുണ്ടായി. സർക്കാർ മുന്നറിയിപ്പ് നൽകിയിട്ടും ഇക്കാര്യത്തിൽ ചില പൊതുമരാമത്ത് എഞ്ചിനീയർമാരുടെ ഭാഗത്ത് നിന്നും കാര്യക്ഷമമായ പ്രവർത്തനം ഉണ്ടായില്ല എന്ന ആക്ഷേപമുണ്ട്. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണികൾ നേരിട്ട് നിയമസഭാമണ്ഡലങ്ങൾ സന്ദർശിച്ച് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് എഞ്ചിനീയർമാർക്ക് കർശന നിർദ്ദേശം നൽകിയതായി മന്ത്രി ജി.സുധാകരൻ അറിയിച്ചു. താഴെപ്പറയും പ്രകാരം ഉദ്യോഗസ്ഥർക്ക് വിവിധ ജില്ലകളുടെ ചുമതലകൾ നൽകിയിട്ടുണ്ട്.

| നം | ജില്ല | ചുമതല |
|---|---|---|
| 1 | തിരുവനന്തപുരം | പ്രിൻസിപ്പൽ സെക്രട്ടറി (പൊതുമരാമത്ത് വകുപ്പ്), ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും) തിരുവനന്തപുരം. |
| 2 | കൊല്ലം | സൂപ്രണ്ടിംഗ് എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും), ദക്ഷിണമേഖല |

| | | |
|---|---|---|
| 3 | പത്തനംതിട്ട, ആലപ്പുഴ | ചീഫ് എഞ്ചിനീയർ (നിരത്തുകളും പാലങ്ങളും) |
| 4 | ഇടുക്കി, കോട്ടയം | ചീഫ് എഞ്ചിനീയർ (കെ.എസ്.റ്റി.പി) |
| 5 | എറണാകുളം | പ്രോജക്ട് ഡയറക്ടർ (കെ.ആർ.എഫ്.ബി-പി.എം.യു) |
| 6 | തൃശൂർ | ചീഫ് എഞ്ചിനീയർ (മെയിന്റനൻസ്) |
| 7 | മലപ്പുറം | ചീഫ് എഞ്ചിനീയർ (ആർ.ബി.ഡി.സി.കെ) |
| 8 | പാലക്കാട് | ചീഫ് എഞ്ചിനീയർ (ദേശീയപാത വിഭാഗം) |
| 9 | കോഴിക്കോട്, കണ്ണൂർ | മാനേജിംഗ് ഡയറക്ടർ (കെ.എസ്.സി.സി) |
| 10 | വയനാട് | ചീഫ് എഞ്ചിനീയർ (രൂപകല്പന വിഭാഗം) |
| 11 | കാസർഗോഡ് | ചീഫ് എഞ്ചിനീയർ (കെട്ടിട വിഭാഗം) |

ചുമതലപ്പെട്ട എഞ്ചിനീയർമാർ അവരുടെ സാധരണ പ്രവർത്തനങ്ങൾക്ക് ഭംഗം വരാതെ രണ്ട് ദിവസമെടുത്ത് ജില്ലകൾ സന്ദർശിച്ച് അറ്റകുറ്റപ്പണി ത്വരിതപ്പെടുത്തേണ്ടതും അറ്റകുറ്റപ്പണികൾ ശരിയായ നിലയിൽ നടക്കുന്നുവെന്ന് ഉറപ്പാക്കി ഒക്ടോബർ 20 ന് മുമ്പ് റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശം നൽകിയതായി മന്ത്രി ജി. സുധാകരൻ പറഞ്ഞു. മന്ത്രിയുടെ നിർദ്ദേശ പ്രകാരം മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിമാർ വിവിധ ജില്ലകളിൽ റോഡുകൾ സന്ദർശിച്ച് വിശദമായ റിപ്പോർട്ട് മന്ത്രിയ്ക്ക് സമർപ്പിക്കണമെന്നും തീരുമാനിച്ചിട്ടുണ്ട്.